# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3468 — 12.05.2017-ൽ മറുപടിയ്ക്ക്

## നഗരസഭകളിൽ ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്റർ കോംപ്ലക്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.സ്വരാജ് | ശ്രീ.എ.കെ.ബാലൻ, (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) എല്ലാ നഗരസഭകളിലും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ തീയേറ്റർ കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ആധുനിക ചലച്ചിത്ര തീയേറ്റർ സമുച്ചയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കിഫ്ബിയിൽ നിന്നും 100 കോടി രൂപ നിക്ഷേപിക്കുന്നതാണെന്ന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ ഒരേ സമയം എത്തിക്കുന്നതിന്റെ ഭാഗമായി കേരളത്തിലങ്ങോളമിങ്ങോളം തീയേറ്റർ സമുച്ചയങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നിർമ്മിക്കുന്ന ബൃഹത് പദ്ധതിക്ക് സർക്കാരും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും തുടക്കമിട്ടു കഴിഞ്ഞു. ഇതിന്റെ ഭാഗമായി ആവശ്യത്തിന് സ്ഥലം ലഭ്യതയുള്ള നഗരസഭകളിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്ററുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒട്ടാകെ 50 തീയറ്ററുകളാവും കെ.എസ്.എഫ്.ഡി.സി വഴി നിർമ്മിക്കുക. ഇത് ഘട്ടം ഘട്ടമായിട്ടാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ എല്ലാ നഗരസഭകളുടെയും അദ്ധ്യക്ഷരുടെ യോഗം വിളിച്ചുചേർക്കുമോ? | (ബി) എല്ലാ നഗരസഭകളുടെ അദ്ധ്യക്ഷൻമാരുടെയും യോഗം വിളിച്ചുചേർക്കുന്നത് പരിഗണനയിലില്ല. ആദ്യഘട്ടത്തിൽ തീയേറ്റർ സ്ഥാപിക്കുന്നതിനായി താൽപര്യപ്പെട്ടുവന്ന 39 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ പ്രൊപ്പോസലുകളിൽ നിന്നും 15 എണ്ണം തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ